# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം.22/3098/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 02/02/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.എം.പി.എം.22/3098/22 തീയ്യതി: 02/02/2023

## മലപ്പുറം ജില്ലയിലെ പൂഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ പൂഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 18-04-2022 മുതൽ 21-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 29-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 21-12-2021 | 29-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 21-12-2021 | 29-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.അബ്ദുന്നാസർ പി, ഓഡിറ്റ് ഓഫീസർ
ശ്രീ.മൂസ ഇ,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ലത ഒ.വി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.വിനീത.പി.പി, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ഉമ്മുകുൽസു ചക്കച്ചൻ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. വിനോദ് കുമാർ വി | സെക്രട്ടറി ഇൻ ചാർജ് | 01-04-2021 | 07-04-2021 |
| ശ്രീ. സുധീഷ് ബാബു ആർ | സെക്രട്ടറി | 08-04-2021 | 18-02-2022 |
| ശ്രീ. രാജീവ് പി | സെക്രട്ടറി ഇൻ ചാർജ് | 19-02-2022 | 31-03-2022 |
| ശ്രീ. വിനോദ് കുമാർ വി | അസി.സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ. ജിതേഷ് എസ് | അസി.എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. ബബിത പി | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ഡോ. ശിഹാബുദ്ധീൻ വി | മെഡിക്കൽ ഓഫീസർ(സി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. നസ്റിൻ എം | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. കണ്ണൻ കെ.എസ് | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. അജിന കെ | വി.ഇ.ഒ | 01-04-2021 | 01-08-2021 |
| ശ്രീമതി.ഉഷാദേവി | വി.ഇ.ഒ | 02-08-2021 | 31-03-2022 |
| ശ്രീമതി. സൈനബ ടി പി | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 31-03-2022 |
| ശ്രീമതി.ഷൈലജ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി. റുമീന.കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. രാജീവ് പി | അസിസ്റ്റന്റ് സെക്രട്ടറി | 09-07-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി | 1-5-1 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 13 | തൊഴിൽ നികുതി-രജിസ്റ്ററുകളും അർദ്ധ വാർഷിക റിട്ടേണുകളും ലഭ്യമാക്കിയിട്ടില്ല | 1-12 |
| 14 | ലൈസൻസ് അപേക്ഷകൾ പൂർണമല്ല | 1-13 |
| 15 | ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല | 1-14 |
| 16 | ടെയ്ക്ക് എ ബ്രേക്ക് ടോയ്‌ലറ്റും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും -ടോയ്‌ലറ്റ് ഉപയോഗപ്പെടുത്തുന്നില്ല | 1-15 |
| 17 | ഹോമിയോ ഡിസ്‌പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല. | 1-16 |
| 18 | മൃഗാശുപത്രിയിലേയ്ക്കുള്ള കമ്പ്യൂട്ടർ, ലഭ്യമായില്ല. | 1-17 |
| 19 | മരണശേഷവും ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നു | 1-18 |
| 20 | തെരുവ് വിളക്ക് വൈദ്യുതി ചാർജ് അടവാക്കിയതിൽ അപാകത | 1-19 |
| 21 | പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല. | 1-20 |
| 22 | റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല | 1-21 |
| 23 | ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാത്ത കെട്ടിട നിർമ്മാണങ്ങൾ ക്രമീകരിക്കേണ്ടതാണ് | 1-22 |
| 24 | ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടേഷൻ ഫീ- ആദായ നികുതി കുറവ് ചെയ്തില്ല. | 1-23 |
| 25 | എയ്ഡഡ് സ്കൂളുകളിലെ ടോയ്‌ലെറ്റ് നിർമ്മാണം - അപാകതകൾ | 1-24 |
| 26 | ഭരണസമിതിയും ഗ്രാമസഭയും അംഗീകരിക്കാത്ത ഗുണഭോക്താവിന് സ്കോളർഷിപ്പ് നൽകി. | 1-25 |
| 27 | ആസ്തി രജിസ്റ്റർ കാലികമാക്കൽ- അപാകത സംബന്ധിച്ച്. | 1-26 |
| 28 | പോഷകാഹാര വിതരണം - അപാകതകൾ | 1-27 |
| 29 | കന്നുകുട്ടി പരിപാലന പദ്ധതി : അപാകതകൾ | 1-28 |
| 30 | ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം - ജില്ലാ പഞ്ചായത്തിന് | 1-29 |

| | | |
|---|---|---|
| | കൈമാറിയ തനത്ഫണ്ട് തിരികെ ലഭ്യമായില്ല. | |
| 31 | കുടിവെള്ള പദ്ധതി- പുനരുദ്ധാരണ പ്രവൃത്തികൾക്ക് നൽകിയതിൽ ബാക്കി വന്ന തിരികെ ഈടാക്കേണ്ടതാണ്. | 1-30 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1(1)/ തീയതി-22.02.2021 | 1(1)/ തീയതി-31.03.22 |

### 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 29.08.2022 | ---- | ---- |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ്-9(1) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് 4 മാസത്തിനകം ആ സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ തയ്യാറാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് സമയ പരിധി പാലിച്ചിട്ടില്ല. വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ സമയനിഷ്ഠ പാലിക്കേണ്ടതാണ്.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 29672502 |
| വരവ് | 79968711 |
| ആകെ | 109641213 |
| ചെലവ് | 73792525 |
| നീക്കിയിരിപ്പ് | 35848688 |

### 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 14196332 | 14196332 | 14196332 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 4696378 | 4696378 | 4105161 | 591217 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 13690000 | 13690000 | 5253121 | 8436879 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6313113 | 6313113 | 4305775 | 2007338 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 8180400 | 8180400 | 4899743 | 3280657 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (UnTied ) | 0 | 3387718 | 3387718 | 3387718 | 0 |
| ബി ഫണ്ട് | 0 | 59790800 | 59790800 | 59790800 | 0 |

### 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 198 | 90753855 | 166 | 54343268 | 32 | 0 | 84 |

### 1-5-1 പദ്ധതി രൂപീകരണ മാർഗ്ഗരേഖ പൂർണ്ണമായി പാലിക്കാതെ പദ്ധതി തയ്യാറാക്കി

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് സ്വീകരിക്കേണ്ട നടപടികൾ GO(MS)11/2018/LSGD Dt 29.01.2018, നം സർക്കാർ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷ പദ്ധതി രൂപീകരണ രേഖകൾ പരിശോധിച്ചതിൽ പദ്ധതി രൂപീകരണത്തിന് പാലിക്കേണ്ട നടപടിക്രമങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് പഞ്ചായത്ത് പദ്ധതി തയ്യാറാക്കിയത് എന്ന് വ്യക്തമായി.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം - കാര്യക്ഷമമല്ല.

പഞ്ചായത്തിൽ ആകെ 13 വർക്കിംഗ് ഗ്രൂപ്പുകൾ ആണ് രൂപീകരിച്ചത്. 21-22 വർഷത്തെ പദ്ധതി യുടെ ഭാഗമായി ആകെ ഒരു യോഗം മാത്രമാണ് ചേർന്നത്. വർക്കിംഗ് ഗ്രൂപ്പുകളുടെ മിനട്സ് പരിശോധിച്ചതിൽ അംഗങ്ങൾ രജിസ്റ്ററിൽ ഒപ്പ് വെയ്ക്കുന്ന എന്നല്ലാതെ തീരുമാനങ്ങൾ എടുക്കുകയോ അവ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ലെന്ന് വ്യക്തമായി. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിലും വിവര

ശേഖരണം നടത്തുന്നതിലും, വർക്കിംഗ് ഗ്രൂപ്പുകളെ ചുമതലപ്പെടുത്തിയ മറ്റ് ചുമതലകൾ നിറവേറ്റുന്നതിലും യാതൊരു പങ്കും വർക്കിംഗ് ഗ്രൂപ്പ് വഹിച്ചിട്ടില്ല എന്നാണ് വ്യക്തമാകുന്നത്. സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾനുസൃതമായി നടപ്പാക്കാവുന്ന പ്രൊജക്ടുകൾ സ്റ്റാന്റിംഗ് കമ്മിറ്റികൾക്ക് ശുപാർശ ചെയ്യുക എന്ന ചുമതലയും വർക്കിംഗ് ഗ്രൂപ്പ് നിറവേറ്റിയതായി കാണുന്നില്ല. വാർഷിക പദ്ധതി അംഗീകരിക്കപ്പെട്ട ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം എന്ന നിർദ്ദേശവും പാലിക്കുന്നില്ല. ഇക്കാരണത്താൽ പദ്ധതികളുടെ മോണിറ്ററിംഗ് ഫലപ്രദമായി നടന്നിട്ടില്ല.

2. സ്റ്റാറ്റസ് റിപ്പോർട്ട് സമഗ്രമല്ല.

പഞ്ചായത്ത് അംഗീകരിച്ച 21-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല. പഞ്ചായത്തിലെ വിവിധ വികസന മേഖലകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുകയോ അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ തയ്യാറാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ സ്റ്റാറ്റസ് റിപ്പോർട്ടിലെ കണ്ടെത്തലുകൾക്കനുസരിച്ചല്ല തൻവർഷത്തെ പ്രൊജക്ടുകൾതയ്യാറാക്കിയിരിക്കുന്നത് എന്നും വ്യക്തമായി.

3. ആസ്തി സംരക്ഷണ പദ്ധതി സ്ഥാപനാടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടില്ല.

13- പദ്ധതിയുടെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിൽ( ജി.ഒ.(എം.എസ്.72/2017/ത.സ്വ.ഭ.വ, തീയതി-29-3-2017) ഓരോ തദ്ദേശ ഭരണസ്ഥാപനവും മെയിന്റനൻസ് ഫണ്ടും വകയിരുത്താൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനത്തിന്റെ ഉടമസ്ഥതയിലും മേൽനോട്ടത്തിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ ഗ്രാമ പഞ്ചായത്ത് റോഡ്/ റോഡിതര ആസ്തികളുടെ സംരക്ഷണത്തിന് ഇത്തരത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കിയിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 29653 | 1578439 | 1608092 | 235753 | 1372339 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 3406576 | 3406576 | 3406576 | 0 |
| ആകെ | 29653 | 4985015 | 5014668 | 3642329 | 1372339 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 4645200 | 292 |
| വിധവാപെൻഷൻ | 18648000 | 1231 |
| വാർദ്ധക്യകാലപെൻഷൻ | 27343500 | 1862 |
| വികലാംഗപെൻഷൻ | 7562100 | 494 |
| വിവാഹ ധനസഹായം | 240000 | 8 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1352000 | 83 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.12.2022 ന് 2 മണിക്ക് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 15,629/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ഭരണ കാര്യക്ഷമത ഉറപ്പുവരുത്തുന്നതിന് ഫലപ്രദമായ ആഭ്യന്തര നിയന്ത്രണ സംവിധാനം അത്യന്താപേക്ഷിതമാണ്. വിവിധ മേഖലയിലെ പഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുമ്പോൾ ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം മെച്ചപ്പെടേണ്ടതുണ്ടെന്ന് കാണുന്നു. ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

2.തൊഴിൽ നികുതി സംബന്ധിച്ച രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല.

3.തെരുവ് വിളക്കുകളുടെ പരിപാലനം നിരീക്ഷിക്കുന്നതിന് കൃത്യമായ സംവിധാനമില്ല. തെരുവ് വിളക്കുകളുടെ ലൊക്കേഷൻ, എണ്ണം, ഇനം എന്നിവ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

4. ആന്വൽ മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല.

5. ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിലും ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ യഥാസമയം പരിഹാര നടപടികൾ കൈകൊള്ളുന്നതിലും പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും കൂടുതൽ ഊർജ്ജിതമായ നടപടികൾ ഉണ്ടാവേണ്ടതുണ്ട്.

അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ്ഓഡിറ്റ് | 22.11.2022 | 01.03.2022. മുതൽ 31.05.2022 വരെ | 23.11.2022 |
| എ.ജി ഓഡിറ്റ് | 28.11.2009 | 2004-09 | 11.01.2010 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

2021-22 വർഷത്തെ വാർഷിക കണക്ക് പരിശോധനയിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2(എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ , 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. ഷെഡ്യൂൾ Rp-43 പ്രകാരം തൻവർഷ ഡി& ഒ ലൈസൻസ് - വരവ് 2,80,000/-(അഡ്വാൻസ് തുക 134300/-ഉൾപ്പെടെ) രൂപയും, എന്നാൽ ഡി& ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2,62,450/- രൂപയുമാണ്.

3. ബിൽഡിംഗ് പെർമിറ്റ്, റഗുലറൈസേഷൻ ഫീസ് വരവ് വാർഷിക കണക്ക് പ്രകാരം യഥാക്രമം 245057/- , 183377/- രൂപയാണ് . എന്നാൽ ഡിമാന്റ് രജിസ്റ്ററുകളിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

4. സംയുക്ത പ്രോജക്ടുകൾക്കായി നൽകിയ തുകയിൽ നീക്കിയിരുപ്പ് ഷെഡ്യൂൾ B4 പ്രകാരം 1216964/- (623910- ജില്ലാ പഞ്ചായത്ത് + 593054- ബ്ലോക്ക് പഞ്ചായത്ത് ), എന്നാൽ ഷെഡ്യൂൾ B17 പ്രകാരം 3947/- രൂപയുമാണ്. വ്യത്യാസം വിശദമാക്കിയിട്ടില്ല.

6. ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല. ഇക്കാരണത്താൽ ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാനായില്ല.

7. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ആയതിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.

8. വാർഷിക കണക്കുകളിലെ തൻ വർഷ വസ്തു നികുതി ഡിമാൻ്റ് , കളക്ഷൻ , ബാലൻസ് എന്നിവ സഞ്ചയ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വാർഷിക കണക്ക് | 6555170 | 5867554 | 706575 |
| സഞ്ചയ സ്റ്റേറ്റ്മെന്റ് | 5237712 | 5548201 | 697470 |

9. സാമ്പത്തിക വർഷത്തെ സ്റ്റോറിന്റെ മൂല്യം കണക്കാക്കി വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

10. വാർഷിക കണക്ക് ബാലൻസ് ഷീറ്റിലെ ബി 11 ഷെഡ്യൂൾ പ്രകാരം ആസ്തികളുടെ മൂല്യം തേയ്മാനം രേഖപ്പെടുത്തി ക്രമീകരിച്ചിട്ടുണ്ട്. എന്നാൽ ഇപ്രകാരം തേയ്മാന മൂല്യം കണക്കാക്കുന്നതിന് ആധാരമാക്കിയ ആസ്തിയുടെ മുഖവില, ആസ്തിയുടെ ആയുസ്സ് എന്നിവയെ സംബന്ധിക്കുന്ന രേഖകൾ ലഭ്യമാക്കിയിട്ടില്ല. മേൽ നടപടി ക്രമങ്ങൾക്ക് സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അനുമതി ലഭിച്ചതിന്റെ വിവരവും ലഭ്യമാക്കിയിട്ടില്ല.

11. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചത് I & E സ്റ്റേറ്റ്മെന്റ് പ്രകാരം 2509179/-രൂപയും എന്നാൽ ആയത് RP7+RP3 പ്രകാരം 2551732/-രൂപയുമാണ്. 42553/-രൂപ വ്യത്യാസത്തിന് കാരണം വ്യക്തമല്ല.

മേൽ അപാകത സംബന്ധിച്ച് നൽകിയ എൻക്വയറി നം. 05/2021-22 തി. 27.12.2022 ന് ക്രമ നം. 4 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-12 തൊഴിൽ നികുതി-രജിസ്റ്ററുകളും അർദ്ധ വാർഷിക റിട്ടേണുകളും ലഭ്യമാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 18 പ്രകാരം തൊഴിൽനികുതി അടയ്ക്കുവാൻ ബാധ്യസ്ഥരായ ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡു തിരിച്ചുള്ള ഡിമാന്റ് രജിസ്റ്റർ സൂക്ഷിയ്ക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തിൽ തൊഴിൽനികുതിയ്ക്ക് ഡിമാന്റ് രജിസ്റ്റർ, കൃത്യമായി എഴുതിസൂക്ഷിച്ചിട്ടില്ല. ഡിമാന്റ് രജിസ്റ്ററിൽ വിവരങ്ങൾ യഥാവിധി രേഖപ്പെടുത്തുകയും ചെയ്തിട്ടില്ല. ജീവനക്കാരുടേയും വ്യാപാരസ്ഥാപനങ്ങളുടേയും നികുതി പിരിച്ചെടുത്തതിന്റെ വിവരങ്ങൾ പ്രത്യേകമായി എഴുതുകയോ സംക്ഷിപ്തം തയ്യാറാക്കുകയോ ചെയ്തിട്ടില്ല.

2021-22 ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ 365 വ്യാപാരസ്ഥാപനങ്ങൾ FACTEOS ലൈസൻസ് നൽകിയിട്ടുണ്ട്. ട്രേഡേഴ്സ് ലിസ്റ്റ് മുഴുവനായും പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ലൈസൻസ് നൽകിയ സ്ഥാപനങ്ങളിൽ നിന്നും ആനുപാതികമായ തൊഴിൽനികുതിയും ടേൺ ഓവറനുസരിച്ചുള്ള സ്ഥാപന തൊഴിൽനികുതിയും ഈടാക്കിയിട്ടുണ്ടോ എന്നതു സംബന്ധിച്ച വിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 04/27.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് ,തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-13 ലൈസൻസ് അപേക്ഷകൾ പൂർണമല്ല

1996 കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടം 10 ലെ പട്ടിക-2 ൽ വിവിധ വ്യാപാരങ്ങൾക്ക് ഈടാക്കാവുന്ന പരമാവധി ഫീസായി ദിവസേനയുള്ള വിറ്റ് വരവിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ളതിനെ മൈക്രോ, മിനി, സ്മോൾ, മീഡിയം, ലാർജ് സംരംഭങ്ങൾ എന്നിങ്ങനെ തരംതിരിച്ച് മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ പരമാവധി ഈടാക്കാവുന്ന ഫീസ് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ വിവിധ അപേക്ഷകൾ പരിശോധിച്ചതിൽ മൂലധന തുകയോ ദിവസേനയുള്ള വിറ്റുവരവോ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പ്രസ്തുത വിവരങ്ങളുടെ അഭാവത്തിൽ ലൈസൻസ് ഫീസ് നിർണ്ണയിച്ചത് എങ്ങനെയെന്ന് ബന്ധപ്പെട്ട രേഖകളിൽ നിന്ന് വ്യക്തമല്ല. ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ലൈസൻസിയുടെ പേര് | ഈടാക്കിയ ലൈസൻസ് ഫീ |
|---|---|---|---|
| 1 | ഫ്രസ്കൊ മീറ്റ്സ് | ഉബൈദ് | 1000 |
| 2 | കർഷക മിത്ര രാസവളം | അരുൺ | 500 |
| 3 | അക്ബർ ട്രെഡേഴ്സ് | ഷെരീഫ് | 500 |
| 4 | എറാ നാച്ചർ | എറമു | 500 |
| 5 | ലീമാസ് ടെക്സ്റ്റയിൽസ് | മുഹ. ഷെരീഫ് | 500 |

മേൽ അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്( നം. 03/27.12.2022) മറുപടി ലഭ്യമായില്ല. അപേക്ഷകളിൽ കൃത്യമായി മൂലധനത്തുക രേഖപ്പെടുത്തി, ആയതിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് നിർണയിക്കേണ്ടതാണ്.

## 1-14 ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ഇ ടെണ്ടർ മുഖേന നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർഫോം വില നിലവിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണുള്ളത്. ആയത് തിരികെ ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | പാതിരമണ്ണ ALP സ്കൂളിന് ടോയ്ലറ്റ് യൂണിറ്റ് നിർമ്മാണം (124/22) | 510000 |
| 2 | ALP സ്കൂൾ പുഴക്കാട്ടിരി ടോയ്ലറ്റ് നിർമ്മാണം (201/22) | 655000 |
| 3 | ടെയ്ക്ക് എ ബ്രേക്ക് ടോയ്ലറ്റും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും (194/22) | 1093000 |
| 4 | ആൽപാറപടി കല്ലുവെട്ടി റോഡ് അഭിവൃദ്ധിപ്പെടുത്തൽ (24/22) | 785000 |
| 5 | വൈദ്യശാലപടി കുറുങ്കോട് റോഡ് അഭിവൃദ്ധിപ്പെടുത്തൽ (200/22) | 788000 |
| 6 | കരിയോടത്ത് പടി മഞ്ഞളാംകുഴി കുളമ്പ് റോഡ് പുനരുദ്ധാരണം (162/22) | 75000 |
| 7 | ബഡ്സ് സ്കൂൾ കെട്ടിട പൂർത്തീകരണവും അനുബന്ധ പ്രവൃത്തികളും (193/22) | 900000 |

ഓഡിറ്റ് എൻക്വയറി - 10/21-22/27.12.2022 നൽകിയതിന് - പ്രസ്തുത തുക തിരികെ ലഭ്യമാക്കുന്നതിന് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. ഇ ടെണ്ടറിൽ ടെണ്ടർ ഫീ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നത് ഒഴിവാക്കുന്നതിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ട് ഇല്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ ടെണ്ടറിന്റെ ആവശ്യത്തിനായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ

അക്കൗണ്ട് തുടങ്ങാൻ അനുമതി നൽകി 02.10.2017 ലെ GO(Rt) 3186/2017/ LSGD നമ്പർ പ്രകാരം സർക്കാർ ഉത്തരവുള്ളതാണ്. ഇത്തരത്തിൽ അക്കൗണ്ട് ആരംഭിച്ച് ഇ ടെണ്ടർ ഫീ പഞ്ചായത്തിന്റെ അക്കൗണ്ടിൽ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. തുക തിരികെ ലഭ്യമായ വിവരം അറിയിക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേനയുള്ള പ്രവൃത്തികളുടെ ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്ത് അക്കൗണ്ടിൽ തന്നെ ലഭ്യമാവുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-15 ടെയ്ക്ക് എ ബ്രേക്ക് ടോയ്‌ലറ്റും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും -ടോയ്‌ലറ്റ് ഉപയോഗപ്പെടുത്തുന്നില്ല

സർക്കുലർ നമ്പർ DB5/7507/11/CE/LSGD തി. 24.9.20 പ്രകാരം സ്ത്രീകൾക്കും യാത്രക്കാർക്കും ഉപയോഗിക്കാൻ സാധിക്കുന്ന തരത്തിൽ വൃത്തിയും ശുചിത്വവും സുരക്ഷിതത്വവുമുള്ള പൊതു ശുചിമുറികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്നതിന് എല്ലാ ത.സ്വ.ഭ.സ്ഥാപനങ്ങൾക്കും നിർദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്ത് 7.16 ലക്ഷം രൂപ ചെലവഴിച്ച് 2ശുചിമുറികളും ഒരു കോഫി ഷോപ്പും നിർമ്മിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിനകത്താണ് ടേക്ക് എ ബ്രേക്ക് പദ്ധതിപ്രകാരമുള്ള ശുചി മുറികൾ നിർമ്മിച്ചിട്ടുള്ളത്. ഇവിടെ നിലവിൽ മതിയായ ടോയ്‌ലറ്റ് സൗകര്യം ഉള്ളതിനാൽ ഈ ടോയ്‌ലറ്റുകൾ നാളിത് വരെയായിട്ടും ഉപയോഗപ്പെടുത്തിയിട്ടില്ല എന്ന ഗ്രാമ പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിധ്യത്തിൽ 28.12.2022 ന് പ്രവൃത്തി നേരിൽ സന്ദർശിച്ചപ്പോൾ വ്യക്തമായി.

കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിൽ ഈ പദ്ധതി പ്രകാരം ശുചി മുറികൾ നിർമ്മിച്ചതിനാൽ ഈ പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല. പൊതു ജനങ്ങൾക്കും പ്രത്യേകിച്ച് യാത്രക്കാർക്കും വേണ്ടി ലക്ഷ്യമിട്ടുള്ള ഈ പദ്ധതി കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ സ്ഥിതി ചെയ്യുന്ന കോമ്പൗണ്ടിനകത്ത് സ്ഥാപിച്ചത് പദ്ധതിയുടെ ഉദ്ധേശ്യ ലക്ഷ്യങ്ങൾക്ക് അനുഗുണമല്ല. ടേക്ക് എ ബ്രേക്ക് പദ്ധതി പ്രകാരം ഉണ്ടാക്കിയ ശുചി മുറികൾ ഉപയോഗപ്രദമാക്കിയതിന്റെ വിവരം ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി | ചെലവ് വിവരം |
|---|---|
| ടെയ്ക്ക് എ ബ്രേക്ക് ടോയ്‌ലറ്റും അനുബന്ധ സൗകര്യങ്ങൾ ഒരുക്കലും - (194/22)<br>ഫണ്ട് CFC (പ്രത്യേക ഉദ്ധേശ്യ ഗ്രാന്റ്) 593000<br>കേന്ദ്രാവിഷ്കൃത പദ്ധതി 500000<br>കരാർ 36/29.11.2021 കരാറുകാരൻ സി.പി. അബൂബക്കർ<br>അളവ് പുസ്തകം 36/21-22 (1), (2), (3) | ചെക്ക് 550747/26.3.2022 തുക 123967<br>ബിൽ 44/28.3.2022 തുക 593000<br>ആകെ 716967 |

## 1-16 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ ലഭ്യമായില്ല.

പ്രൊജക്ട് :ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങൽ (13/21-22)

അടങ്കൽ : 200000/- മെയിൻറനൻസ് ഫണ്ട് (റോഡിതരം )

ആകെ ചെലവ് : 200000/-( ബിൽ നം 78/31.10.21)

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ, ഈ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിന് വേണ്ടി 200000രൂപ ഹോംകോയ്ക്ക് മുൻകൂറായി അടവാക്കിയിട്ടുണ്ട്. തുക 6.1.22തീയതിൽ ഹോംകോ കൈപ്പറ്റിയിട്ടുണ്ട്. എന്നാൽ പ്രഫോർമ ഇൻവോയ്സ് (പി. ആർ എഫ് .നം.520/ 8.9.21) പ്രകാരമുള്ള മുഴുവൻ മരുന്നും ഡിസ്പെൻസറിയിലേയ്ക്ക് നാളിതു വരെ ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമായതിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| മരുന്നുകൾ ലഭിച്ചതിന്റെ ഇൻവോയ്സ് നം &തീയതി | തുക | ലഭിയ്ക്കാൻ അവശേഷിയ്ക്കുന്ന മരുന്നുകളുടെ തുക |
|---|---|---|
| 637/1.9.22 | 83321 | 116679 |

അവശേഷിക്കുന്ന 116679 രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം അറിയിയ്ക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറിക്ക്( നം. 2/ 26.12.22) , അവശേഷിയ്ക്കുന്ന മരുന്നുകൾ എത്രയും പെട്ടന്ന് ലഭ്യമാക്കുന്നതാണ് എന്ന് ഹോംകോ അറിയിച്ചിട്ടുണ്ടെന്ന് മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് അറിയിക്കേണ്ടതാണ്.

## 1-17 മൃഗാശുപത്രിയിലേയ്ക്ക് കമ്പ്യൂട്ടർ, ലഭ്യമായില്ല.

നിർവ്വഹണം : വെറ്ററനറി സർജൻ

പ്രൊജക്ടിന്റെപേര് : മൃഗാശുപത്രിയുടെ അടിസ്ഥാനസൗകര്യം വർദ്ധിപ്പിയ്ക്കൽ

പ്രൊജക്ട് നം 245/2021-22

അടങ്കൽ :245000 മെയിന്റെനൻസ് ഗ്രാന്റ് (റോഡിതരം )

ചെലവ് :39797/-(306/ 19.3.22)

മേൽ പ്രൊജക്ട് പ്രകാരം, മൃഗാശുപത്രിലേയ്ക്ക് കമ്പ്യൂട്ടർ വാങ്ങുന്നതിനുവേണ്ടി കെൽട്രോണിന് 39797 രൂപ അടവാക്കിയിട്ടുണ്ട്. എന്നാൽ പ്രഫോർമ ഇൻവോയ്സ് നം 36121/8.3.22പ്രകാരമുള്ള കമ്പ്യൂട്ടർ നാളിതു വരെ ലഭ്യമായില്ല.

കെൽട്രോണിൽ നിന്നും കമ്പ്യൂട്ടർ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിററ് എൻക്വയറി നം.18/29.12.22 ന് ലഭ്യമാക്കിയ മറുപടിയിൽ, വർക്ക് ഓർഡർ നൽകുന്നതിന്റെ മുൻപു തന്നെ തന്നെ കമ്പ്യൂട്ടറിന്റ വില വർദ്ധിച്ചതിനാണ് കമ്പ്യൂട്ടർ ലഭ്യമാകാതിരുന്നതെന്നും ഈ തുക തിരികെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-18 മരണശേഷവും ഗുണഭോക്താക്കൾക്ക് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നൽകുന്നു

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ചുവടെ ചേർത്ത വ്യക്തികൾക്ക് അവരുടെ മരണ ശേഷവും പെൻഷൻ അനുവദിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വിശദമായ അന്വേഷണം നടത്തി അനർഹമായി നൽകിയ തുക തിരിച്ചുപിടിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പെൻഷൻ ഇനം & ഐ.ഡി | മരണം നടന്ന തിയ്യതി | മരണ രജിസ്ട്രേഷൻ നം& തിയ്യതി | അനർഹമായി നൽകിയ തുക. കാലയളവ് |
|---|---|---|---|---|---|
| 1 | സൈനുദ്ധീൻ പുളിക്കൽ (ആധാർ നം. 355407570707) | വാർദ്ധക്യകാല പെൻഷൻ 109480201805 | 16.09.2020 | 57/2021 20.05.2021 | 40700 (10/2020 - 11/2022) |
| 2 | പി.പി അബു (ആധാർ നം. 343708726711) | വാർദ്ധക്യകാല പെൻഷൻ 10500200608 | 12.1.2022 | 16/22 8.2.2022 | 16000 (2/22 - 11/22) |
| 3 | ഉസ്മാൻ മേലേടത്ത് (ആധാർ നം. 959300461342) | ക്ഷേമ നിധി ബോർഡ് പെൻഷൻ. സ്മോൾ & മാർജിനൽ ഫാർമേഴ്സ് | 30.12.2021 | 8/22 30.1.2022 | 9600 (1/22 - 6/22) |
| 4 | വേലു പുളിയക്കത്ത് (ആധാർ നം. 658195387611) | കർഷക തൊഴിലാളി പെൻഷൻ 109480100129 | 14.07.2020 | 24/2021 05.02.2021 | 16300 (8/2020 - 6/2021) |
| 5 | ആയിഷക്കുട്ടി കരിമ്പനക്കൽ (ആധാർ നം. 843463763542) | വാർദ്ധക്യകാല പെൻഷൻ 109480200595 | 24.9.2020 | 152/2021 24.09.2021 | 23100 (10/2020 - 12/2021) |

ഓഡിറ്റ് കാലയളവിൽ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്തവരും ആധാർ നമ്പർ ലഭ്യമായതുമായ ഏതാനും ഗുണഭോക്താക്കളുടെ പെൻഷൻ വിതരണ രേഖകൾ മാത്രമാണ് പരിശോധിച്ചിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്ത മുഴുവൻ ആളുകളുടെയും ആധാർ പകർപ്പ് ഫയലിൽ ഇല്ല. ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പേരുടെയും ആധാർ പകർപ്പ് വാങ്ങി സൂക്ഷിക്കേണ്ടതും ആയതിൽ സാമൂഹ്യ ക്ഷേമ പെൻഷൻ അനുവദിക്കപ്പെട്ടവരുണ്ടെങ്കിൽ ഉടൻ തന്നെ ആയത് സസ്പെൻഡ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഗ്രാമ പഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 5.8.2021 ലെ 11-ാം നമ്പർ തീരുമാനത്തിൽ വാർഡ് മെമ്പർമാരുടെ റിപ്പോർട്ട് അടിസ്ഥാനത്തിൽ മരണപ്പെട്ട സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെന്റ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല എന്നാണ് ഇതിൽ നിന്ന് വ്യക്തമാവുന്നത്. ഗ്രാമ പഞ്ചായത്തിൽ മരണം രജിസ്റ്റർ ചെയ്യുന്ന സാമൂഹ്യ ക്ഷേമ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ ഉടൻ തന്നെ സസ്പെന്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതും മറ്റുള്ളവരുടെ കാര്യത്തിൽ വാർഡ് മെമ്പർമാരുടെ റിപ്പോർട്ട് അടിസ്ഥാനത്തിലും പെൻഷൻ സസ്പെൻഡ് ചെയ്യാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നം.9/21-22/27.12.2022) നൽകിയതിന് - ഖണ്ഡികയിൽ പരാമർശിച്ച ഗുണഭോക്താക്കളുടെ പെൻഷൻ റദ്ദ് ചെയ്യുന്നതിനും എക്കൗണ്ടിൽ ക്രെഡിറ്റായ തുക തിരികെ ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

## 1-19 തെരുവ് വിളക്ക് വൈദ്യുതി ചാർജ് അടവാക്കിയതിൽ അപാകത

പാതിരമണ്ണ ഹൈമാസ്റ്റ് ലൈറ്റിന്റെ 4/21 ലെ കറന്റ് ബില്ല് (കൺസ്യൂമർ നമ്പർ-11682207017518) പുഴക്കാട്ടിരി കെ.എസ്.ഇ.ബി.യിൽ നിന്നും 7.4.2021 ലെ 6820210402577 നമ്പർ ബിൽ പ്രകാരം ലഭിച്ചിട്ടുണ്ട്. പ്രസ്തുത ബിൽ പ്രകാരം അടവാക്കേണ്ട തുക 1434 രൂപയാണ്. ടി- ബിൽ അടവാക്കുന്നതിന് വൗച്ചർ നമ്പർ-22100032/13.4.2021 പ്രകാരം 1434 രൂപ പിൻവലിക്കുകയും ബിൽ തുക കെ.എസ്.ഇ.ബി. യിൽ അടവാക്കുകയും ചെയ്തു. എന്നാൽ ഇതേ ബിൽ തുക അടവാക്കുന്നതിന് വേണ്ടി വൗച്ചർ നമ്പർ-22100048/16.4.2021 പ്രകാരവും 1434 രൂപ പിൻവലിച്ചു.

ബിൽ പ്രകാരമുള്ള തുക അടവാക്കുന്നതിന് രണ്ട് പ്രാവശ്യം പണം പിൻവലിച്ച കാര്യം ഓഡിറ്റ് എൻക്വയറി നമ്പർ- 1/24.12.2022 മുഖേന ശ്രദ്ധയിൽപെടുത്തി. ആയതിന് ലഭ്യമാക്കിയ മറുപടിയിൽ രണ്ടാമത് പിൻവലിച്ച തുക 19.4.2021 ന് അഡ്വാൻസായി കെ.എസ്.ഇ.ബി.യിൽ അടവാക്കിയെന്ന് അറിയിച്ചു. വൈദ്യുതി ചാർജ് മുൻകൂറായി അടവാക്കുന്നത് ക്രമ പ്രകാരമുള്ള നടപടിയല്ല. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതാണ്.

## 1-20 പദ്ധതികൾ യഥാസമയം പൂർത്തീകരിക്കാനാവുന്നില്ല.

2021-22 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ആകെ 111പദ്ധതികൾ തയ്യാറാക്കിയതിൽ 89പ്രൊജക്ടുകൾക്ക് മാത്രമാണ് ഓഡിറ്റ് വർഷത്തിൽ നടപ്പിലാക്കിയത്. 32പദ്ധതികൾ സ്പിൽ ഓവർ ആയി ഉൾപെടുത്തിയതിൽ 7 പദ്ധതികൾ തൻവർഷവും പൂർത്തിയാക്കാനായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| ആകെ പദ്ധതി | 111 | ആകെ അടങ്കൽ | 26816539 |
| നടപ്പിലാക്കിയത് | 89 | ചെലവ് | 18682308 |
| ശതമാനം | 80.18% | ചെലവ് ശതമാനം | 69.67% |

ഒരു അസിസ്റ്റന്റ് എഞ്ചിനിയർ, രണ്ട് ഓവർസിയർമാർ എന്നീ സാങ്കേതിക ജീവനക്കാർക്ക് നടപ്പാക്കാവുന്നതിലും വളരെയധികം പ്രൊജക്ടുകൾ ഏറ്റെടുക്കുന്നതാണ് ഇത്തരത്തിൽ പ്രൊജക്ടുകൾ നടപ്പാക്കാതെ വരുന്നതിനും പലപ്പോഴും പദ്ധതിപ്പണം ലാപ്സാവുന്നതിനും ഇടയാക്കുന്നത്. ഇത്തരത്തിൽ പ്രൊജക്ടുകൾ ഏറ്റെടുക്കുന്നത് ഒഴിവാക്കാൻ ശ്രമിക്കേണ്ടതാണ്.
പഞ്ചായത്തിനെ മൊത്തം ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റികൾ നേതൃത്വപരമായ പങ്ക് വഹിക്കേണ്ടതും ഫണ്ടുകൾ വാർഡുകൾക്കായി വീതം വെക്കുന്ന പ്രവണത ഒഴിവാക്കാൻ ശ്രമിക്കേണ്ടതുമാണ്.

## 1-21 റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും തയ്യാറാക്കിയില്ല

ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും ജി.ഒ(എം.എസ്)72/2017/ത.സ്വ.ഭ.വ. തീയതി 29-03-2017 നമ്പർ പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ ഒരു പ്രവൃത്തിയിലും ഈ നിബന്ധനകൾ പാലിച്ചതായി കണ്ടില്ല.

കൂടാതെ പഞ്ചായത്തിന്റെ ആസ്തികളുടെ സംരക്ഷണത്തിന് മുൻഗണനാടിസ്ഥാനത്തിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ഉൾപ്പെടുത്തി ഒരു മെയിന്റനൻസ് പ്ലാനും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. ഇക്കാരണങ്ങളാൽ തന്നെ മേൽ വർഷത്തിൽ നടപ്പാക്കേണ്ട ഏറ്റവും അനിവാര്യമായ പ്രൊജക്ടുകളാണോ നടപ്പാക്കിയത് എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും തയ്യാറാക്കുകയും, പ്രസ്തുത രേഖകളും സ്റ്റാറ്റസ് റിപ്പോർട്ടും അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ മാത്രം പ്രൊജക്ടുകൾ തയ്യാറാക്കാൻ സ്റ്റാന്റിങ്ങ് കമ്മിറ്റി നിർവ്വഹണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകേണ്ടതും ആയത് പ്രകാരമാണ് പദ്ധതികൾ രൂപീകരിക്കുന്നതെന്ന് ഉറപ്പ് വരുത്താൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-22 ഗ്രാമ പഞ്ചായത്തിന്റെ അനുമതിയില്ലാത്ത കെട്ടിട നിർമ്മാണങ്ങൾ ക്രമീകരിക്കേണ്ടതാണ്

ഗ്രാമ പഞ്ചായത്തിൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് വേണ്ടി വിവിധ സ്കൂളുകൾ സമർപ്പിച്ച അപേക്ഷകൾ പരിശോധിച്ചതിൽ പ്രസ്തുത അപേക്ഷയിൽ അവകാശപ്പെട്ട കെട്ടിടങ്ങൾ മുഴുവൻ പഞ്ചായത്തിൽ നമ്പർ നൽകി അധികൃതമാക്കപ്പെട്ടിട്ടില്ല എന്ന് വ്യക്തമായി. വിശദ വിവരം താഴെ നൽകുന്നു.

| സ്കൂൾ | കെട്ടിട നമ്പർ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വിസ്തീർണ്ണം | ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പ്രകാരം വിസ്തീർണ്ണം |
|---|---|---|---|

| | | | |
|---|---|---|---|
| AHLP സ്കൂൾ രാമപുരം | 17/197<br>17/197A<br>17/197B<br>17/197C | 190M2<br>109.85M2<br>133.60M2<br>152.29M2<br>585.74M2 | എൽ.പി സ്കൂൾ 1837.30M2 |
| PKHMALPസ്കൂൾ, പടപ്പറമ്പ് | 15/310<br>15/169<br>15/310A<br>17/197B | 92M2<br>180M2<br>195M2<br>313.78M2<br>880.42M2 | 2157.065M2 |
| AMLP സ്കൂൾ, പനങ്ങാങ്ങര | 4/219<br>4/219A | 400M2<br>222.62M2<br>622.62M2 | 792.229M2 |
| ALPസ്കൂൾ, പാതിരമണ്ണ | 6/197<br>6/197A<br>6/197B | 89M2<br>229M2<br>202.42M2<br>520.42M2 | 1837.30M2 |

ഗ്രാമ പഞ്ചായത്തിലെ ഏതാനും സ്കൂളുകളുടെ ഫിറ്റ്നസ് അപേക്ഷ അടിസ്ഥാനമാക്കി നടത്തിയ പരിശോധനയിലാണ് സ്കൂളുകളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ട് എന്ന് വ്യക്തമായത്. ഗ്രാമ പഞ്ചായത്തിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തുന്നതിന് പരിശോധന നടത്തേണ്ടതും നിയമാനുസൃതം തുടർ നടപടി സ്വീകരിച്ച് അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി 11 /2021-22/27.12.2022 നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടേഷൻ ഫീ- ആദായ നികുതി കുറവ് ചെയ്തില്ല.

നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ട് നമ്പർ-176/22

അടങ്കൽ- 267040

ചെലവ് തുക-267040 രൂപ

ഫണ്ടിനം- സി.എഫ്.സി.

പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ നടത്തിപ്പിന് ആവശ്യമായ സാങ്കേതിക സഹായം നൽകുന്നതിന് ഹരിത സഹായ സ്ഥാപനമായ സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനെ അംഗീകരിച്ചിരുന്നു.(പഞ്ചായത്ത് തീരുമാനം-5.5.2021 ലെ 4/1). പ്രസ്തുത യൂണിറ്റിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ പ്രതിമാസ കൺസൾട്ടിംഗ് ഫീസ് നൽകുന്നതിനാണ് മേൽ പദ്ധതി കൊണ്ട് ലക്ഷ്യമിടുന്നത്. സോഷ്യോ എക്കണോമിക് യൂണിറ്റ് ഫൗണ്ടേഷനും ഗ്രാമ പഞ്ചായത്തും 1.6.2021 ന് ഏർപ്പെട്ടിട്ടുള്ള കരാർ പ്രകാരം നിശ്ചയിച്ചിട്ടുള്ള പ്രതിമാസ ഫീസ് 26704 രൂപയാണ്. 10 മാസത്തേക്ക് 267040 രൂപ കൺസൾട്ടേഷൻ ഫീസിനത്തിൽ നൽകിയിട്ടുണ്ട്.

ചെലവിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ | തിയതി | തുക | റിമാർക്സ് |
|---|---|---|---|
| 64 | 25/10/2021 | 106816 | 6/21 മുതൽ 9/21 വരെയുള്ള ഫീ (26704*4) |
| 239 | 21.2.2022 | 106816 | 10/21 മുതൽ 1/22 വരെയുള്ള ഫീ (26704*4) |
| 337 | 23.3.2022 | 53408 | 2/21 മുതൽ 3/22 വരെയുള്ള ഫീ (26704*2) |
| ആകെ | | 267040 | |

പദ്ധതി നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകത ചുവടെ ചേർക്കുന്നു.

1. ശുചിത്വ മിഷൻ എക്സി.ഡയറക്ടറുടെ 17.3.2020 ലെ 331/സി5/2019/എസ്എം. നമ്പറിലുള്ള നടപടിക്രമത്തിൽ ഹരിത സഹായ സ്ഥാപനങ്ങൾ എല്ലാ മാസവും 5ാം തിയ്യതിക്കകം പ്രതിമാസ പ്രവർത്തന റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് നൽകേണ്ടതാണെന്നും തുടർന്ന് 10ാം തിയ്യതിക്കകം ശുചിത്വ മിഷൻ,ഹരിത കേരള മിഷൻ ജില്ലാ കോഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ റിവ്യൂ സംഘടിപ്പിക്കണമെന്നും നിർദ്ദേശിക്കുന്നുണ്ട്. 15ാം തിയ്യതിക്കുള്ളിൽ റിവ്യൂ യോഗത്തിന്റെ മിനുട്സ് തദ്ദേശ

സ്വയംഭരണ സ്ഥാപനങ്ങൾക്ക് ശുചിത്വ മിഷൻ ജില്ലാ കോഓർഡിനേറ്റർ നൽകേണ്ടതാണ് . ടി മിനുട്സിന്റെ അടിസ്ഥാനത്തിലാണ് ഹരിത സഹായ സ്ഥാപനത്തിന് കൺസൾട്ടിംഗ് ഫീസ് നൽകേണ്ടത്. എന്നാൽ ഇപ്രകാരം ശുചിത്വ മിഷൻ മിനുട്സ് ലഭ്യമാക്കിയിട്ടില്ല.

2. ആദായ നികുതി നിയമം, സെക്ഷൻ 194 ( ജെ) പ്രകാരം കൺസൾട്ടൻസി ഫീസിൻമേൽ 2 ശതമാനം ആദായ നികുതി കുറവ് വരുത്തേണ്ടതുണ്ട്. ഇപ്രകാരം 5340 രൂപ (267040x2%) കുറവ് ചെയ്ത് ആദായനികുതി വകുപ്പിലേക്ക് അടവാക്കേണ്ടതായിരുന്നു. എന്നാൽ ആദായ നികുതി കുറവ് ചെയ്യാതെയാണ് സ്ഥാപനത്തിന് ബിൽ തുക നൽകിയിട്ടുള്ളത്.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 7/27.12.2022 നുള്ള മറുപടിയിൽ പ്രസ്തുത സ്ഥാപനത്തിന് 28.12.2022 ന് തന്നെ കത്ത് നൽകുകയും അടവാക്കേണ്ട തുക തൊട്ടടുത്ത ദിവസം തന്നെ ഓൺലൈൻ ട്രാൻസ്ഫർ മുഖേന പഞ്ചായത്ത് അക്കൗണ്ടിലേക്ക് അടവാക്കാമെന്ന് എസ്.ഇ.യു.എഫ് അറിയിച്ചിട്ടുള്ള വിവരം ലഭ്യമാക്കി. ഹരിത കർമ്മസേനയുടെ പ്രവർത്തന റിപ്പോർട്ട് എല്ലാ മാസവും ശുചിത്വ മിഷന് കൈമാറുന്നുണ്ടെങ്കിലും ജില്ലാ കോഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ അവലോകനം നടന്നിട്ടില്ലെന്നും ഇക്കാരണത്താലാണ് ആയതിന്റെ മിനുട്സ് ലഭ്യമാക്കാൻ കഴിയാതിരുന്നതെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

എസ്.ഇ.യു.എഫ് ൽ നിന്നും മേൽ തുക ഈടാക്കി അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതിന്റെയും ആദായ നികുതി വകുപ്പിലേക്ക് അടവാക്കിയതിന്റെയും വിവരം ലഭ്യമാക്കേണ്ടതാണ്. കൂടാതെ ശുചിത്വ മിഷൻ ഡയറക്ടറുടെ നിർദ്ദേശമനുസരിച്ച് ഹരിത കർമ്മസേനയുടെ പ്രവർത്തനം വിലയിരുത്തേണ്ടതും ആയതിന്റെ മിനുട്സ് സൂക്ഷിക്കേണ്ടതുമാണ്. ഇക്കാര്യത്തിലുള്ള മോണിറ്ററിംഗ് കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്.

## 1-24 എയ്ഡഡ് സ്കൂളുകളിലെ ടോയ്‌ലെറ്റ് നിർമ്മാണം - അപാകതകൾ

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി ഓഡിറ്റ് കാലയളവിൽ ഗ്രാമ പഞ്ചായത്തിലെ രണ്ട് എയ്ഡഡ് സ്കൂളുകൾക്ക് ചുവടെ കാണിച്ച പദ്ധതികൾ പ്രകാരം ടോയ്‌ലറ്റ് യൂനിറ്റുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ രൂപീകരണം ,നിർവ്വഹണം എന്നിവ സംബന്ധിച്ച് പരിശോധനയിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ടോയ്‌ലറ്റ് നിർമ്മിച്ച് നൽകിയ എയ്ഡഡ് സ്കൂളുകളിൽ ഓരോന്നിലും എത്ര കുട്ടികൾ പഠിക്കുന്നുണ്ട് എന്നും അവിടങ്ങളിൽ നിലവിൽ എത്ര ടോയ്ലറ്റുകൾ ലഭ്യമാണ്, ഇനി ആവശ്യമുള്ളത് എത്ര എന്നതിനെക്കുറിച്ചും വ്യക്തമായ പഠനം നടത്തിയതായി കാണുന്നില്ല.

2.എയ്ഡഡ് സ്കൂളിൽ ടോയ്‌ലറ്റ് നിർമ്മിച്ച് നൽകണമെന്ന് സ്കൂളിന്റെ ഉടമസ്ഥർ (മാനേജ്മെന്റ് കമ്മിറ്റി) രേഖാമൂലം അപേക്ഷ നൽകിയിട്ടില്ല. കൂടാതെ മാനേജ്മെന്റിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവൃത്തി നടത്തുന്നതിന് അവരുടെ രേഖാമൂലമുള്ള സമ്മതം നേടിയിട്ടുമില്ല.

പ്രൊജക്ട് തയ്യാറാക്കിയതിലും നടത്തിപ്പിലുമുള്ള മേൽ അപാകതകൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതി | ബിൽ നമ്പർ, തുക |
|---|---|
| പാതിരമണ്ണ ALP സ്കൂളിന് ടോയ്‌ലറ്റ് യൂനിറ്റ് നിർമ്മാണം (124/22)<br>കരാറുകാരൻ ശ്രീ. സി.പി. അബൂബക്കർ കരാർ 35/29.11.2011 | XVFC/2021-22/P/35<br>തീയ്യതി 17.3.2022 തുക 453770 |
| ALP സ്കൂൾ പുഴക്കാട്ടിരി ടോയ്‌ലറ്റ് നിർമ്മാണം (201/22) കരാറുകാരൻ ശ്രീ. സി.പി. അബൂബക്കർ<br>കരാർ 37/29.11.2011 | XVFC/2021-22/P/36<br>തീയ്യതി 17.3.2022 തുക 550581 |

ഓഡിറ്റ് എൻക്വയറി - 9/21-22/27.12.2022 നൽകിയതിന്- രണ്ട് പ്രവൃത്തികളും ഭരണ സമിതി തീരുമാനിച്ചതിന് ശേഷമാണ് ഏറ്റെടുത്തിട്ടുള്ളത് എന്നും, മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് രണ്ട് സ്കൂൾ അധികൃതർ ടോയ്‌ലറ്റ് ആവശ്യമാണെന്ന് കാണിച്ച് ഭരണ സമിതിക്ക് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ഈ കാര്യാലയത്തിൽ അറിയിക്കുകയും ചെയ്തതിന് ശേഷമാണ് പ്രവൃത്തി ചെയ്തത് എന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി.
എന്നാൽ സ്കൂളുകളുടെ അപേക്ഷകളും അവിടങ്ങളിൽ ആവശ്യമായ ടോയ്‌ലറ്റ് സംബന്ധിച്ച പഠന റിപ്പോർട്ടും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഖണ്ഡികയിൽ പരാമർശിച്ച പ്രകാരമുള്ള രേഖകളും റിപ്പോർട്ടും ലഭ്യമാക്കി മാത്രം ഭാവിയിൽ ഇത്തരം പ്രൊജക്ടുകൾ ഏറ്റെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ഭരണസമിതിയും ഗ്രാമസഭയും അംഗീകരിക്കാത്ത ഗുണഭോക്താവിന് സ്കോളർഷിപ്പ് നൽകി.

എസ്.സി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകൽ എന്ന പ്രോജക്ട്(പ്രോജക്ട് നമ്പർ-11/22 ) പ്രകാരം ശ്രീമതി. ദിൽഷ.കെ.പി, D/O.ഉണ്ണികൃഷ്ണൻ, കൊച്ചുവഴിപ്പറമ്പിൽ വീട്, കടുങ്ങപുരം.പി.ഒ, പിൻ-679321 എന്ന ഗുണഭോക്താവിന് 25000 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. (ബിൽ നമ്പർ- 296/18.3.2022, 15000 രൂപ (പ്ലാൻ എസ്.സി.പി), 297/18.3.2022,10000 രൂപ ) . എന്നാൽ ടി- ഗുണഭോക്താവ് ഗ്രാമ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 6/27.3.2022 നുള്ള മറുപടിയിൽ പഞ്ചായത്ത് ഭരണ സമിതിയുടെ പിൻകാല അംഗീകാരം ലഭ്യമാക്കി ടിയാളെ കൂടി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണെന്നും ക്ലറിക്കൽ പിഴവ് മൂലമാണ് ഇത് സംഭവിച്ചതെന്നും അറിയിച്ചിട്ടുണ്ട്.

കൂടാതെ മെറിറ്റോറിയസ് സ്കോളർഷിപ്പ് നൽകുന്ന വിദ്യാർത്ഥികളുടെ പേർ വിവരം, വർഷം , കോഴ്സ് , പഠന കാലയളവ്, നൽകിയ സ്കോളർഷിപ്പ് തുക എന്നീ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ സൂക്ഷിക്കണമെന്ന് ജി.(എം.എസ്)22/2018/ത.സ്വ.ഭ.വ. തീയതി 14-02-2018 നമ്പറിലുള്ള മാർഗ്ഗരേഖയിൽ നിർദ്ദേശമുള്ളതാണ്. എന്നാൽ ഇപ്രകാരം രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല. ഇപ്രകാരമുള്ള രജിസ്റ്റർ സൂക്ഷിക്കുന്നതാണെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്.

മേൽ ഗുണഭോക്താവിന് സ്കോളർഷിപ്പ് നൽകിയതിന് ഗ്രാമസഭയുടേയും ഭരണസമിതിയുടേയും അംഗീകാരം വാങ്ങേണ്ടതാണ്.

## 1-26 ആസ്തി രജിസ്റ്റർ കാലികമാക്കൽ- അപാകത സംബന്ധിച്ച്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ട് പ്രകാരം 625384 രൂപ ചെലവഴിച്ചിട്ടുണ്ട്.

| പ്രോജക്ടിന്റെ പേരും നമ്പരും | കൈമാറിയതുക | ബിൽ റഫറൻസ് നമ്പർ |
|---|---|---|
| ആസ്തി രജിസ്റ്റർ കാലികമാക്കൽ<br>(36/22)<br>അടങ്കൽ- 1500000<br>ചെലവ്-625384 | 230000 (അഡ്വാൻസ്)<br>395384 (പാർട്ട് ബിൽ) | 21151152010101123426/15.2.22<br>21151152010101446289/24.3.2022 |
| ആകെ | 625384 | |

പഞ്ചായത്തിന്റെ ഒരു സമഗ്ര വിവരവ്യൂഹം തയ്യാറാക്കുന്നതിന്റെ ആദ്യ ഘട്ടം എന്ന നിലയിലാണ് ഈ പ്രോജക്ട് ആവിഷ്കരിച്ചത്. പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകളുടെ പൂർണ്ണമായ വിവരം ഉൾപ്പെടുത്തി ആസ്തി രജിസ്റ്റർ കാലികമാക്കുകയാണ് പ്രോജക്ടിന്റെ ഉദ്ദേശ്യം. ആദ്യ ഘട്ടത്തിൽ ഒരു കൺസൾട്ടന്റിനെ കണ്ടെത്തി വിശദമായ കർമ്മ പദ്ധതി തയ്യാറാക്കുന്നു. തുടർന്ന് പത്ര പരസ്യം മുഖേന നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുന്നു. സർവ്വേ നടത്തൽ, മാപ്പുകൾ, സ്കെച്ചുകൾ ,രജിസ്റ്ററുകൾ എന്നിവ തയ്യാറാക്കൽ മോബൈൽ ആപ്പ് ഉൾപ്പെടെയുള്ള സോഫ്റ്റ്വെയർ തയ്യാറാക്കൽ എന്നിവ നിർവ്വഹണ ഏജൻസിയുടെ ചുമതലയായിരിക്കും തയ്യാറാക്കിയ മാപ്പുകളുടെ 5 ശതമാനം അസി.എഞ്ചിനീയർ റാൻഡം പരിശോധന നടത്തുകയും ചെയ്യണം.

മേൽ പ്രോജക്ട് പ്രകാരം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട് എന്ന സ്ഥാപനത്തെയാണ് പ്രവൃത്തി ഏൽപിച്ചത്.(ഗ്രാമ പഞ്ചായത്ത് തീരുമാനം- 2/7- 18.10.2021) .മേൽ സ്ഥാപനം സമർപ്പിച്ച PR/ULTS/GIS/2021-22/1211, തി- 26.8.2021 നമ്പർ പ്രൊപ്പോസൽ പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ ജി.ഐ.എസ്. മാപ്പിംഗ് നടത്തി അപ്ഡേറ്റ് ചെയ്യുന്നതിനും ഡ്രോൺ സർവ്വേ നത്തി ആസ്തി രേഖകളുടെ വെബ്പോർട്ടൽ തയ്യാറാക്കി കൈമാറുന്നതിനും ആകെ 9,57,948 രൂപയാണ് സൊസൈറ്റിക്ക് നൽകേണ്ടത്.

6/2021-22, തി-13.12.2021 പ്രകാരം സ്ഥാപനവുമായി ഗ്രാമ പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടുണ്ട്. നിലവിൽ ഡ്രോൺ സർവ്വേ പൂർത്തിയാക്കുകയും ബേസ് മാപ്പ് തയ്യാറാക്കുകയും ചെയ്തതായി ഇൻവോയ്സുകൾ സൊസൈറ്റി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാപനത്തിന് ഫൈനൽബിൽ നൽകിയിട്ടില്ല. ആസ്തി റജിസ്റ്റർ കാലികമാക്കി കൈമാറിയതിന്റെ വിവരവുമില്ല. സൊസൈറ്റി ലഭ്യമാക്കിയ9.6.2022 ലെ ULTS/GIS/2022-23/062 നമ്പർ കത്ത് പ്രകാരം എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചതായും ചുവടെ ചേർത്തിട്ടുള്ള ഇൻവോയ്സ് പ്രകാരം മൊത്തം 10,65,635 രൂപ ചെലവ് വന്നതായി സൊസൈറ്റി ഗ്രാമ പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

| ഇൻവോയ്സ് നമ്പർ | ഇനം | തുക |
|---|---|---|
| ULC//2021-22/291/25.2.2022 | Drone Survey | 534776 |
| ULC//2021-22/292/25.2.2022 | BASE MAP | 187172 |
| ULC/2021-22/355/26.3.2022 | Web Portal | 2,36,000 |
| ULC//2022-23/67/27.5.2022 | Natham Land Survey( Puramboke Land) | 1,07,687 |
| Total Project Value | | 1065635 |

മേൽ പ്രോജക്ട് നിർവ്വഹണവുമായി ബന്ധപ്പെട്ട് ചുവടെ ചേർത്ത വിവരങ്ങൾ/ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നമ്പർ 13/27.12.2022 നൽകിയെങ്കിലും മറുപടി/ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

1 പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം/ കാലികമാക്കിയ ആസ്തി രജിസ്റ്ററിന്റെ സോഫ്റ്റ് കോപ്പി

2. പദ്ധതി മോണിറ്ററിംഗ് റിപ്പോർട്ട്

3. സ്ഥാപനത്തിന് ഫൈനൽ ബിൽ അനുവദിക്കാത്തതിന് കാരണം

4. അസി.എഞ്ചിനീയർ റാണ്ടം ചെക്കിംഗ് നടത്തിയതിന്റെ റിപ്പോർട്ട്

5. സൊസൈറ്റിക്ക് നൽകിയ ബിൽ തുകയിൽ നിന്നും നിയമാനുസൃതമുള്ള റിക്കവറികൾ (ജി.എസ്.ടി, ഐ.ടി) നടത്താത്തതിന് കാരണം

6. എഗ്രിമെന്റ് പ്രകാരമുള്ള തുക 9,57,948 രൂപയാണ്. എന്നാൽ ആകെ 10,65635 രൂപ ചെലവ് വന്നതായി സൊസൈറ്റി അറിയിച്ചിരിക്കുന്നു. 1,07,687 രൂപ അധികം വന്നിട്ടുണ്ട്. അധിക തുകയ്ക്ക് കാരണം വ്യക്തമല്ല.

മേൽ വിവരങ്ങൾ ഉൾപ്പെടുത്തി വസ്തുതാപരമായ വിശദീകരണ റിപ്പോർട്ട് പ്രഥമ മറുപടിയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-27 പോഷകാഹാര വിതരണം - അപാകതകൾ

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര വിതരണ പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ 25 അംഗനവാടികളിൽ വിതരണം ചെയ്യുന്നതിനായി താഴെ പറയുന്ന പ്രൊജക്ടുകൾ പ്രകാരം സ്വപ്നം ന്യൂട്രിമിക്സ് കുടുംബശ്രീ യൂനിറ്റ് പുഴക്കാട്ടിരിയിൽ നിന്നും അമൃതം ന്യൂട്രിമിക്സ് വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ നൽകുന്നു.

1)പ്രോജക്ട് : അംഗനവാടി പൂരക പോഷകാഹാര പദ്ധതി (ജനറൽ) 7/2021-22

മൊത്തം അടങ്കൽ- : 35ലക്ഷം

ചെലവ് :31,80,778/-

| ക്രമ നം | ചെലവഴിച്ച തുക | വൗച്ചർനം/ ബിൽ നം തീയതി | അമൃതം ന്യൂട്രിമിക്സ് വാങ്ങിയതിന് സ്വപ്നം കുടുംബശ്രീ ന്യൂട്രിമിക്സ് യൂനിറ്റ് പുഴക്കാട്ടിരിയ്ക്ക് നൽകിയ തുക (ജി. എസ്.ടി ഒഴികെ) | |
|---|---|---|---|---|
| | | | തൂക്കം Kg. | വില |
| 1 | 758027 | 2941724/25.3.2022 | 2208 | 154560 |
| | | | 1649.5 | 115465 |
| 2 | 422751 | 2941723/21.2.2022 | 2248.5 | 157395 |
| 3 | 1251185 | 2/28.9.21 | 2160 | 151200 |
| | | | 2295 | 160650 |
| | | | 2200 | 154000 |
| | | | 2310 | 161700 |
| 4 | 300478 | 5/19.11.21 | 2307 | 161490 |
| | | | 645 | 45150 |
| 5 | 448337 | 7/7.1.21 | 2031 | 142170 |
| ആകെ | | | 20054 | 1403780 |
| Tds 2% | | | | 28076/- |

2)പ്രോജക്ട് : അംഗനവാടി പൂരക പോഷകാഹാര പദ്ധതി (SC) 69/2021-22

മൊത്തം അടങ്കൽ- : 450000/-

ചെലവ് :450000/-

| | | | | |
|---|---|---|---|---|
| 6 | 250000 | 1/12.8.21 | 1620 | 113400 |
| | | | 1637 | 114590 |
| | | | 1756 | 122920 |
| ആകെ | | | 5013 | 350910 |
| Tds 2% | | | | 7018/- |

പ്രൊജക്ട് നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1)അംഗനവാടി പൂരകപോഷകാഹാരം - ജി.എസ്.ടി.യിൻമേൽ ടി.ഡി. എസ്. ഈടാക്കിയില്ല.

CGSTനിയമം, സെക്ഷൻ 51അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച 13.09.2018ലെ വിജ്ഞാപനം നം.50/2018 പ്രകാരം 250000ത്തിനു മുകളിലുള്ള പർചേയ്സിന് ജി.എസ്.ടി.യിൻ മേൽ 2% ടി.ഡി.എസ്. കുറവു ചെയ്യേണ്ടതാണ്. എന്നാൽ മേൽ പർചേയ്സുകളിന്മേൽ ഇപ്രകാരം ടി.ഡി.എസ്. കുറവു ചെയ്തിട്ടില്ല.

2) ന്യൂട്രിമിക്സ് വിതരണം ചെയ്ത സ്വപ്നം കുടുംബശ്രീ ന്യൂട്രിമിക്സ് യൂനിറ്റ് എന്ന സ്ഥാപനത്തെ പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല.

പഞ്ചായത്തിൽ അമൃതം ഫുഡ് വിതരണം ചെയ്ത സ്വപ്നം കുടുംബശ്രീ ന്യൂട്രിമിക്സ് യൂനിറ്റ് എന്ന സ്ഥാപനത്തെ പഞ്ചായത്തിലെ വിതരണത്തിനുള്ള ഏജൻസിയായി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ചിട്ടില്ല. ഈ സ്ഥാപനങ്ങളുമായി ന്യൂട്രിമിക്സ് വിതരണത്തിന് പഞ്ചായത്ത് കരാർ ചമച്ചിട്ടുമില്ല.

അപാകതകൾ പരാമർശിച്ചു നൽകിയ ഓഡിറ്റ് എൻക്വയറി നം.ഓഡിററ് എൻക്വയറി നം.17 /28.12.22ന് ലഭ്യമാക്കിയതിന് നടപ്പു വർഷം മുതൽ Tds ഈടാക്കിയിട്ടുണ്ടെന്നും ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾ പഞ്ചായത്തുമായി കരാറിൽ

ഏർപ്പെടുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും അപാകതകൾക്ക് മറുപടി ലഭ്യമാക്കി. അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 കന്നുകുട്ടി പരിപാലന പദ്ധതി : അപാകതകൾ

നിർവ്വഹണം : വെറ്ററിനറി സർജൻ

പ്രൊജക്ടിന്റെപേര് : കന്നുകുട്ടി പരിപാലന പദ്ധതി (90/2019-20)

അടങ്കൽ :1000000

ചെലവ് :250000(ബിൽ നം 162/24.1.22)

പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകത താഴെ ചേർക്കുന്നു.

മേൽ പ്രൊജക്ട് പ്രകാരം, 40 കന്നുകുട്ടികളുടെ പ്ലാൻ വിഹിതമായി 250000 രൂപ (40*6250) നിലമ്പൂർ പ്രാദേശിക മൃഗസംരക്ഷണകേന്ദ്രത്തിന് നൽകിയിട്ടുണ്ട്. 28.2.22 നാണ് പദ്ധതി തുടങ്ങിയത് .പദ്ധതി പ്രകാരം സബ്സിഡി നൽകിയ താഴെ പറയുന്ന ഗുണഭോക്താവിന്റെ കന്നുകുട്ടി പദ്ധതി പൂർത്തീകരണ കാലയളവിനുള്ളിൽ തന്നെ ചത്തുപോയതിനാൽ തുടർന്നുള്ള സബ്സിഡി ഗുണഭോക്താവിന് ലഭ്യമാക്കാൻ കഴിഞ്ഞിട്ടില്ല. നാളിതു വരെ തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | സബ്സിഡി നൽകിയ തുക |
|---|---|
| ദേവകി മണ്ണാർതൊടി | 7177 |

പദ്ധതികാലയളവിനുള്ളിൽ തന്നെ കന്നുകുട്ടി കൊഴിഞ്ഞ് പോയതിനാൽ മൃഗസംരക്ഷണകേന്ദ്രത്തിന് കൈമാറിയ മേൽ ഗുണഭോക്താവിന്റെ സബ്സിഡി തുകയിൽ ബാക്കി നിൽക്കുന്ന തുക 5323 രൂപ പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ് എന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിററ് എൻക്വയറി നം. 19/28.12.22 യ്ക്കുള്ള മറുപടിയിൽ കന്നുകുട്ടി ചത്തുപോയ വിവരം ജില്ലാതല നിർവഹണ ഉദ്യോഗസ്ഥനെ അറിയിച്ചിട്ടുണ്ടെന്നും പദ്ധതി കാലാവധി തീരുന്ന മുറയ്ക്ക് ചെലവാകാത്ത തുക ജില്ലാതല വിർവഹണ ഉദ്യോഗസ്ഥന് പൂർത്തീകരണ സാക്ഷ്യപത്രം നൽകി ചെലവാകാത്ത തുക പഞ്ചായത്തിന് തിരികെ ലഭ്യമാക്കുന്നതാമെന്നും നിർവഹണ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-29 ഡയാലിസിസ് രോഗികൾക്ക് ചികിൽസാ സഹായം - ജില്ലാ പഞ്ചായത്തിന് കൈമാറിയ തനത്ഫണ്ട് തിരികെ ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിൽ 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ട് പ്രകാരം ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്നതിന് തയ്യാറാക്കിയ പ്രോജക്ട് പ്രകാരം (പ്രോജക്ട് നമ്പർ- 241/22) മലപ്പുറം ജില്ലാ പഞ്ചായത്തിന് വൗച്ചർ നമ്പർ 22101234/31.3.2022 പ്രകാരം 16000 രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ജില്ലാ പഞ്ചായത്ത് പ്രസ്തുത പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്നും നൽകിയ പ്രസ്തുത തുക ഗ്രാമ പഞ്ചായത്തിന് തിരികെ ലഭ്യമായിട്ടില്ല.

ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിക്കേണ്ട തുക ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

( ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 15/28.12.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല)

## 1-30 കുടിവെള്ള പദ്ധതി- പുനരുദ്ധാരണ പ്രവൃത്തികൾക്ക് നൽകിയതിൽ ബാക്കി വന്ന തിരികെ ഈടാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ ചുവടെ കൊടുത്തിട്ടുള്ള പ്രോജക്ട് പ്രകാരം ജലനിധിക്ക് 352200 രൂപ സ്ഥാപന വിഹിതമായി കൈമാറിയിട്ടുണ്ട്. പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ സുസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെട്ട പാലാംകുന്ന്, ഐശ്വര്യ, പരവക്കൽ എന്നീ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാരണത്തിനും നവീകരണത്തിനുമാണ് ജലനിധിക്ക് ഫണ്ട് കൈമാറിയത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേരും നമ്പരും | കൈമാറിയ തുക | ബിൽ നമ്പർ | കുടിവെള്ള പദ്ധതി | ഭരണാനുമതി ലഭിച്ച തുക | ഗ്രാമ പഞ്ചായത്ത് വിഹിതം (15%) |
|---|---|---|---|---|---|
| പാലാംകുന്ന്,ഐശ്വര്യ,പരവക്കൽ കുടിവെള്ള പദ്ധതികൾക്ക് സ്ഥാപന വിഹിതം (33/22) | 352200 (സി.എഫ്സി.) | XVFC/2021-22 /P/4/18.12.2021 300000 രൂപ XVFC/2021-22 /P/5/21.1.2022, | പാലാംകുന്ന് ഐശ്വര്യ പരവക്കൽ | 3,06,000 7,19000 1323000 | 45900 107850 198450 |

| | | | | | |
|---|---|---|---|---|---|
| | | 52200 രൂപ | | | |
| ആകെ | 352200 | | | 23,48000 | 352200 |

പ്രസ്തുത തുകയ്ക്കുള്ള വിനിയോഗ /പൂർത്തീകരണ സാക്ഷ്യപത്രം ജലനിധിയിൽ നിന്നും ലഭ്യമായിരുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 16/28.12.2022 ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കുടിവെള്ള പദ്ധതികളുടെ പുനരുദ്ധാര ണ പ്രവ്യത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് വിഹിതമായി 74313 രൂപ മാത്രമാണ് വിനിയോഗിക്കേണ്ടി വന്നതെന്നും അറിയിച്ചിട്ടുണ്ട്. ഈ പ്രവൃത്തികൾക്ക് ലഭിക്കേണ്ട സർക്കാർ വിഹിതമായ 450000 രൂപ ലഭിച്ചതിന് ശേഷം പഞ്ചായത്ത് വിഹിതത്തിന്റെ ബാക്കി തുക 277887 രൂപ പഞ്ചായത്ത് അക്കൗണ്ടിലേക്ക് തിരിച്ചടവാക്കുന്നതാണെന്നും ജലനിധി അറിയിച്ചിട്ടുണ്ട്.

ബാക്കി തുക പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 2021-22 വാർഷിക ഓഡിറ്റ് വേളയിൽ വാർഷികധനകാര്യ പത്രികയുടെ പരിശോധന നടത്തി | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭിച്ചത് I എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് 1.6 പ്രകാരം 2509179/-രൂപയും ആയത് ആർ.പി.7+ആർ.പി.31 പ്രകാരം 2551732 രൂപയുമാണ്. കൂടാതെ കൃത്യമായ വിവരം പ്രഫോർമയിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ വിവരം ചേർത്തിട്ടില്ല. ഈ ഇനത്തിൽ ലഭിച്ച (തൻവർഷം) കൃത്യമായ വരവ് ചെലവ് വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നം./ ബിൽ/ചെക്ക് നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ചെലവഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| കെ എസ് ഇ ബി | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ – 217/22 | 22101311/ 31.03.2022 | 53984 | 53984 | പൂർത്തീകരിച്ചു | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റേയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാനം ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 01 | ലൈഫ് ഗുണഭോക്താക്കളുടെ വീട് നിർമ്മാണം-(ഹഡ്കോ ലോൺ) | GO(MS)68/18/LSGD Dt. 24.03.2018 | - | 2339981 | 557334 | - | 1782647 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

.

| റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നം. തിയ്യതി |
|---|---|---|---|---|
| 2005-06 | 3-18 | 1000 | ശ്രീകല, കൃഷി ഓഫീസർ | 121010106225/ 07.02.2022 |
| 2020-21 | Audit Enquiry No:15/23.06.2021 | 22447 | അസി. എഞ്ചിനീയർ | 121010100602 23.06.2021 |
| 2020-21 | Audit Enquiry No:9/23.06.2021 | 346 | അസി. എഞ്ചിനീയർ | 121010100609 24.06.2021 |
| 2020-21 | Audit Enquiry No:8/23.06.2021 | 5268 | അസി. എഞ്ചിനീയർ. | 121010100577 22.06.2021 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം/ ഖണ്ഡിക നം | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം / ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2014-15 | 2016-17 | 1. ഖണ്ഡിക-2(2) സ്ഥാപനതൊഴിൽ നികുതി ഒടുക്കിയില്ല | നടപടി തുടരുന്നു. |
| | | 2.ഖണ്ഡിക-2(3) സ്ഥലം മാറിപ്പോകുന്ന ജീവനക്കാരിൽ നിന്നും നികുതി ഈടാക്കുന്നില്ല. | -ടി- |
| 2014-15 | 2016-17 | 3.ഖണ്ഡിക-2(5)ശമ്പളം തടഞ്ഞതിനാൽ നികുതി ഒടുക്കിയില്ല | -ടി- |
| 2014-15 | 2016-17 | 4.ഖണ്ഡിക-2(6)തൊഴിൽ നികുതി:പൊതു അപാകതകൾ | -ടി- |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ/ഈടാക്കാനവശേഷിക്കുന്ന തുക

ഇല്ല

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്. | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക(രസീത് നമ്പർ, തിയ്യതി) | റവന്യൂ റിക്കവറി യിലൂടെ ഈടാക്കിയ തുക, രസീത് | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പറും തിയ്യതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | |
| 1 | 2004-05 2005-06 | 3(10) | ശ്രീ മോഹനൻ നായർ | LF 5425/ Spl.cell/SC5/10 22.07.2011 | 21596/- | തുക അടച്ച രസീത് നം. 27923/71 | -- | -- | -- | 21596 | 0 |
| 2 | 2004-05 | 3-22 | ശ്രീമതി കുസുമം ജോസഫ് (ഹെഡ് ക്ലർക്ക്) | LF 5455/ Spl.cell/SC5/2010 3.5.12 | 393210 | | -- | -- | -- | 393210 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 79968711 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 73792525 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 0 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.എം.പി.എം.22/659/9(2) തീയതി 16-11-2022 | 26 |
| 1998-99 | എൽ.എഫ്.എം.14 / 746/03/14.02.11 | 16 |
| 1999-00 | കെ.എസ്.എ.എം.പി.എം.22/2699/19(1) തീയതി 16-11-2022 | 7 |

| | | |
|---|---|---|
| 2000-01 | കെ.എസ്.എ.എം.പി.എം.22/2699/9(1) തീയതി 16-11-2022 | 03 |
| 2001-02 | കെ.എസ്.എ.എം.പി.എം.22/150/2022(1) തീയതി 16-11-2022 | 4 |
| 1999-00മുതൽ 2001-02 (ചെലവ്) | എൽ.എഫ്.എം. 12 / 931/04/14.02.11 | 07 |
| 2002-03 | കെ.എസ്.എ.എം.പി.എം.22/150/2022(2) തീയതി 16-11-2022 | 20 |
| 2003-04 | കെ.എസ്.എ.എം.പി.എം.22/1319/2022(1) തീയതി 16-11-2022 | 20 |
| 2004-05 | കെ.എസ്.എ.എം.പി.എം.22/1319/2022(2) തീയതി 16-11-2022 | 18 |
| 2005-06 | എൽ.എഫ്.എം.12/ 1169/08/14.02.11 | 28 |
| 2006-07 | എൽ.എഫ്.എം.12/1170 /08/14.02.11 | 17 |
| 2007-08 | കെ.എസ്.എ.എം.പി.എം.22/150/2022(3) തീയതി 16-11-2022 | 06 |
| 2008-09 | കെ.എസ്.എ.എം.പി.എം.22/150/2022(4) തീയതി 16-11-2022 | 9 |
| 2009-10 | കെ.എസ്.എ.എം.പി.എം.22/150/2022(5) തീയതി 16-11-2022 | 05 |
| 2010-11 | കെ.എസ്.എ.എം.പി.എം.22/1319/2022(3) തീയതി 16-11-2022 | 12 |
| 2011-12,2012-13 | കെ.എസ്.എ.എം.പി.എം.14 /1553/2015തി.10.12.16 | 9 |
| 2013-14,2014-15 | കെ.എസ്.എ.എം.പി.എം/22/1798/2018 തി.20.10.2018 | 11 |
| 2015-16 | കെ.എസ്.എ.എം.പി.എം/14/3025/2016 തി.28.01.2017 | 18 |
| 2016-17 | കെ.എസ്.എ.എം.പി.എം/22/1828/2017 തി.02.11.2017 | 18 |
| 2017-18 | കെ.എസ്.എ എം.പി.എം 22/1051/2019 01.06.2019 | 16 |
| 2018-19 | നം.കെ.എസ്.എ.എം.പി.എം.22/1283/2020 തിയ്യതി 02.11.2020 | 16 |
| 2019-20 | നം.കെ.എസ്.എ.എം.പി.എം.22/2078/2021 തിയ്യതി 05.02.2022 | 17 |
| 2020-21 | കെ.എസ്.എ.എം.പി.എം.22/1060/2022(2) തീയതി 03-12-2022 | 16 |

ഡെപ്യൂട്ടി ഡയറക്ടർ

എം.എ.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ പുഴക്കാട്ടിരി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്